# 39. ഡൽഹിയിലെ തെരഞ്ഞെടുപ്പുകൾ

ഒരു മുനിസിപ്പാലിററിയുടെ ഭരണം ഏതു പാർട്ടി നിയന്ത്രിക്കുന്ന എന്നതു വലിയ ഒരു രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള കാര്യമല്ല. ആ നിലയിൽ ഡൽഹിനഗരനിഗമത്തിലേക്ക് (മുനിസിപ്പൽ കോർപ്പറേഷനിലേക്ക്) ഫെബ്രുവരി ആദ്യവാരം നടന്ന തെരഞ്ഞെടുപ്പിൽ ഇന്ത്യയുടെ മുഴുവൻ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ആവശ്യമൊന്നുമുണ്ടായിരുന്നില്ല. ഈ മുനിസിപ്പാലിററിക്കു ചുററുമായി നേരിട്ടു കേന്ദ്രഭരണത്തിലിരിക്കുന്ന പ്രദേശത്തിന്റെ ഭരണത്തിനു ചുമതലപ്പെട്ടതും, അമ്പത്താറ് അംഗങ്ങൾ ഉള്ളതുമായ മെട്രോപ്പോളിററൻ കൗൺസിലിൽ ഭൂരിപക്ഷം ലഭിച്ചില്ലെങ്കിലും, ഭരണകക്ഷിക്കു സാധാരണ നിലയിൽ, അപകർഷം ഒന്നും ഉണ്ടാകുമായിരുന്നില്ല.

എങ്കിലും, ആന്ധ്രപ്രദേശിലെയും കർണാടകത്തിലെയും തെരഞ്ഞെടുപ്പുകളിൽ അമ്പേ പരാജയപ്പെട്ട കോൺഗ്രസ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഡൽഹിതെരഞ്ഞെടുപ്പുകൾ പരമപ്രധാനംതന്നെയായിരുന്നു. ഈ തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സിന്റെ മുഖ്യ എതിരാളിയായ ഭാരതീയ ജനതാപാർട്ടി ഊന്നിപ്പറഞ്ഞിരുന്നതും ഇതേ വസ്തുതതന്നെയാണ്.

> ദക്ഷിൺമേം ഇന്ദിരാ ഹാരീ ഹൈ
> അബ് ദില്ലീകി ബാരീ ഹൈ
> (ദക്ഷിണേന്ത്യയിലിന്ദിര കാഞ്ഞു;
> ഇപ്പോൾ ഡൽഹിതന്നുഴമണഞ്ഞു)

എന്നതായിരുന്നു, ഡൽഹിതെരഞ്ഞെടുപ്പുകളിൽ ഭാരതീയ ജനതാ പാർട്ടിയുടെ പ്രധാന മുദ്രാവാക്യം.

കുഴപ്പമൊന്നുമില്ലെങ്കിലും, തലസ്ഥാനപ്രദേശം എതിർകക്ഷിയുടെ ഭരണത്തിൻ കീഴിലിരിക്കുന്നതു ഭരണകക്ഷിക്ക് അസൗകര്യമാണ്. ഭരണകക്ഷിക്കെതിരായ പ്രകടനങ്ങൾ സംഘടിപ്പിക്കാൻ എതിർകക്ഷികൾക്കു സൗകര്യം ലഭിക്കുന്നു എന്നതുതന്നെയാണ് പ്രധാന അസൗകര്യം.

ഇക്കാരണത്താൽ, 1980—ൽ ഇന്ദിരാഗാന്ധി വീണ്ടും അധികാരത്തിൽ വന്നതിനെത്തുടർന്ന്, ഡൽഹി നഗരനിഗമവും മെട്രോപ്പോളിററൻ കൗൺസിലും പിരിച്ചുവിടുകയാണുണ്ടായതു്. അന്ന് ഇവയിൽ ഭൂരിപക്ഷം ഭാരതീയ ജനതാപാർട്ടിക്കായിരുന്നു. ഭാരതീയ ജനതാപാർട്ടി എന്നാൽ, ഡൽഹിയിൽ പഴയ ജനസംഘം എന്നർത്ഥം. ആർ. എസ്. എസ്സിനു ജനസംഘവുമായുള്ള ബന്ധം എല്ലാവർക്കും അറിയാവുന്നതാണല്ലോ. ഡൽഹി തങ്ങളുടെ ശക്തിദുർഗമാണെന്നത്രേ ഭാരതീയ ജനതാ പാർട്ടി കരുതുന്നതു്. തങ്ങളുടെ നിയന്ത്രണത്തിലായിരുന്ന മുനിസിപ്പൽ കോർപ്പറേഷനും മെട്രോപ്പോളിററൻ കൗൺസിലും കാലാവധിക്കു മുമ്പു പിരിച്ചുവിട്ടതിൽ ഭാരതീയ ജനതാപാർട്ടിക്കു ന്യായമായ അമർഷമുണ്ടായിരുന്നു. എന്തു ചെയ്തും തങ്ങളുടെ സ്ഥാനം വീണ്ടെടുക്കാൻ അവർ ഉറച്ചിരുന്നു.

ഇക്കഴിഞ്ഞ ജനുവരി 4—ാം തീയതിയാണ് ഈ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചതു്. തെരഞ്ഞെടുപ്പിൽ വമ്പിച്ച വിജയം അനായാസമായി നേടാമെന്ന കാര്യത്തിൽ കോൺഗ്രസ്സിനു യാതൊരു സംശയവുമുണ്ടായിരുന്നില്ല. ആന്ധ്രപ്രദേശിലും കർണാടകത്തിലും

പരിക്കാനിരിക്കുന്ന തിരിച്ചടിയെപ്പററി നേരിയ ഒരാശങ്കപോലും അന്നു കോൺഗ്രസ്സുകാർക്ക് ഇല്ലായിരുന്നു. ഏഷ്യാഡിൻെറ നടത്തിപ്പിൽ കൈവന്ന പ്രശംസനീയമായ വിജയം അന്നു ഭരണകക്ഷിയുടെ ആത്മവീര്യത്തെ പരമാവധി ഉയർത്തുകയുംചെയ്തിരുന്നു. ഏഷ്യാഡിനുവേണ്ടി കോടിക്കണക്കിനു രൂപ കോൺഗ്രസ്സുകാരുടെ നേതൃത്വത്തിൽ ഡൽഹിയിൽ ചെലവഴിക്കപ്പെട്ടു. നഗരത്തിൻെറ മുഖച്ഛായ മനോഹരമാക്കുവാൻ ഈ ചെലവ് ഉപകരിച്ചു. ജനങ്ങൾ കൃതജ്ഞതയോടെ തങ്ങൾക്കു വോട്ടു നൽകുമെന്നു് ഉറപ്പിക്കുവാൻ കോൺഗ്രസ്സുകാർക്ക് എല്ലാ കാരണങ്ങളുമുണ്ടായിരുന്നു.

പെട്ടെന്നാണു് നീലാകാശത്തിൽനിന്നു് ഇടിത്തീപോലെ, ദക്ഷിണേന്ത്യയിൽ അവിചാരിതമായ പരാജയം ഭരണകക്ഷിക്കു നേരിട്ടതു്. ഇന്ദിരാഗാന്ധിയുടെ അന്താരാഷ്ട്രപ്രശസ്തിക്കു സ്വാഭാവികമായും കനത്ത പ്രഹരമേല്പിച്ചു ഈ പരാജയം. ഡൽഹിയിൽ നടക്കാനിരിക്കുന്ന ചേരിചേരാ രാഷ്ട്രസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ട ഇന്ത്യാപ്രധാനമന്ത്രിയെ സംബന്ധിച്ചിടത്തോളം, ഈ പരാജയം വമ്പിച്ച അനർത്ഥം തന്നെയായി കരുതപ്പെട്ടു. സ്വന്തം ജനങ്ങളാൽ നിരാകരിക്കപ്പെട്ട ഒരു വ്യക്തി എങ്ങനെ ലോകജനതയ്ക്കു നേതൃത്വം നൽകും? അതിനാൽ, ദക്ഷിണേന്ത്യയിലെ പരാജയം പാർട്ടിയുടെ പ്രാദേശികഘടകങ്ങളുടെ പിടിപ്പുകേടുകൊണ്ടു് ഉണ്ടായതാണെന്നും, രാഷ്ട്രം ഇപ്പോഴും ഇന്ദിരാഗാന്ധിയിൽ പൂർണവിശ്വാസം അർപ്പിച്ചിരിക്കുകയാണെന്നും തെളിയിക്കേണ്ടതാവശ്യമായി വന്നു. ഡൽഹിയിലെ തെരഞ്ഞെടുപ്പുകളുടെ പ്രാധാന്യം ഈ പശ്ചാത്തലത്തിലാണു കാണേണ്ടതു്.

ദക്ഷിൺ മേം ഹം ഥേ അനേക്
ദില്ലീ മേം ഹം സബ് ഏക്
(ദക്ഷിണേന്ത്യയിൽ ഞങ്ങൾ പിണങ്ങി
ഡൽഹിയിൽ ഞങ്ങളൊന്നിച്ചിണങ്ങി)

എന്ന ഡൽഹി തെരഞ്ഞെടുപ്പുകളിലെ കോൺഗ്രസ്സിൻെറ മുദ്രാവാക്യത്തിൻെറ അർത്ഥവും ഇതുതന്നെയായിരുന്നു.

തെരഞ്ഞെടുപ്പുകൾ അടുക്കുംതോറും കോൺഗ്രസ്പാർട്ടിയുടെ ജയസാദ്ധ്യതകൾ കുറഞ്ഞുവരുന്നതായിത്തോന്നി. ഇന്ത്യയിൽ സാമുദായികവും മതപരവുമായ വികാരങ്ങളാണല്ലോ തെരഞ്ഞെടുപ്പുകളെ ഇപ്പോഴും വലിയ തോതിൽ നിയന്ത്രിക്കുന്നതു്. പഞ്ചാബിലെ അകാലി പ്രക്ഷോഭം കോൺഗ്രസ്സിനെതിരായി വോട്ടുചെയ്യാൻ സിക്കുകാരെ പ്രചോദിപ്പിക്കുമെന്നു കരുതപ്പെട്ടു. സിക്കുകാരിൽ ചില ചെറിയ ഗ്രൂപ്പുകളുടെ സഹായം കോൺഗ്രസ്സിനു കൈവന്നിരുന്നുവെങ്കിലും വിജയം സുനിശ്ചിതമാക്കാൻ അതുമാത്രം പോരായിരുന്നു. അടുത്ത കാലത്തായി മുസ്ലീങ്ങൾ കോൺഗ്രസ്സിൽനിന്നു് അകലാൻ തുടങ്ങിയിരുന്നതും ആശങ്കയ്ക്കു് ഇടം നൽകി.

ഈ തെരഞ്ഞെടുപ്പുകളിൽ ഭൂരിപക്ഷം നേടാൻ കോൺഗ്രസ്സിനു സാധിച്ചുവെങ്കിൽ അതിനുള്ള മുഖ്യകാരണം എതിർകക്ഷികളുടെ ദൗർബല്യമാണു്. കോൺഗ്രസ്സിലുള്ളതിലേറെ ആഭ്യന്തരകലഹങ്ങൾ എതിർ കക്ഷികൾ ഓരോന്നിലുമുണ്ടു്. ബഹുജനസമ്പർക്കം എല്ലാ കക്ഷികൾക്കും നഷ്ടപ്പെട്ടിരിക്കുന്നു. അഴിമതികൾ എല്ലാ കക്ഷികളുടെയും പ്രശസ്തി നശിപ്പിച്ചിരിക്കുന്നു. കള്ളപ്പണത്തെ ആശ്രയിച്ചാണു് എല്ലാ കക്ഷികളും പുലരുന്നതു്. ഇക്കാര്യങ്ങളിൽ ഭരണകക്ഷിക്കും എതിർകക്ഷിക്കും തമ്മിൽ വലരെയൊന്നും വ്യത്യാസമില്ല.

ആന്ധ്രപ്രദേശങ്ങളിലെന്നപോലെ ഡൽഹിയിലും തെരഞ്ഞെടുപ്പ

കൾ ഇടതുപക്ഷ പാർട്ടികളുടെ ദയനീയാവസ്ഥ ഒരിക്കൽക്കൂടി പ്രകടമാക്കുകയുണ്ടായി. വിശ്വസനീയമായ ഒരു വൈകല്പികശക്തി എന്ന നില ഇന്ത്യയിൽ ഇടതുപക്ഷപാർട്ടികൾക്ക് അടുത്തൊന്നും കൈവരാൻപോകുന്നില്ല. തെരഞ്ഞെടുപ്പുരാഷ്ട്രീയം, വലതുപക്ഷപാർട്ടികളെയെന്നപോലെ ഇടതുപക്ഷപാർട്ടികളെയും അകത്തുനിന്ന് കാർന്ന് അവയുടെ ഉള്ള പൊള്ളയാക്കിയിരിക്കുന്നു. ഇന്ത്യൻ രാഷ്ട്രീയരംഗത്തിൽ അവ എന്നത്തെക്കാളുമധികം അപ്രസക്തങ്ങളായിരിക്കുന്നു. എൻ. ടി. രാമറാവുവിനെപ്പോലെയുള്ള പുതിയ വ്യക്തികളും തെലുഗുദേശംപോലെയുള്ള പാർട്ടികളും രംഗത്തു വരുന്നുവെങ്കിൽ മാത്രമേ ഇന്ത്യയിലെ രാഷ്ട്രീയ കാലാവസ്ഥയിൽ പെട്ടെന്ന് എന്തെങ്കിലും മാറ്റം ഉണ്ടാവൂ.

(7 ഫെബ്രുവരി, 1983)

# 40. ബോംബെ എ. ഐ. സി. സി.

ഇന്ത്യയിൽ സംസ്ഥാന നിയമസഭകളിലേക്കും കേന്ദ്രപാർലമെൻറിലേക്കുമുള്ള തെരഞ്ഞെടുപ്പുകൾ 1985 ആദ്യം നടക്കുമെന്നാണു പ്രതീക്ഷ. ഇപ്പോൾത്തന്നെ പല സംസ്ഥാനങ്ങളിലും ദുർബലമായിക്കഴിഞ്ഞ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ തികച്ചും പരാജയപ്പെടുത്തുന്നതിനുള്ള അവസരമായി ഈ തെരഞ്ഞെടുപ്പുകളെ ഉപയോഗപ്പെടുത്തുവാനുള്ള സംയുക്തപരിശ്രമം കോൺഗ്രസ്സിതര രാഷ്ട്രീയപാർട്ടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഒററയ്ക്കു നിന്നു തെരഞ്ഞെടുപ്പിൽ മത്സരിച്ചുകളയാമെന്ന വ്യാമോഹം ഇന്ത്യയിൽ ഒരു രാഷ്ട്രീയകക്ഷികൾക്കും ഇന്ന് ഇല്ല. തങ്ങൾക്കിടയിലുള്ള വ്യക്തിപരവും ആദർശപരവുമായ വൈരുദ്ധ്യങ്ങളെല്ലാം തല്ക്കാലത്തേക്കു മറന്ന്, കോൺഗ്രസ് വിരോധമെന്ന ഒരേ ലക്ഷ്യം മുൻനിർത്തി കൂട്ടുമുന്നണിയുണ്ടാക്കിയോ, പരസ്പരധാരണയിലേർപ്പെട്ടോ, നേരിട്ടുള്ള മത്സരത്തിൽ കോൺഗ്രസ്സിനെ തറ പററിക്കാനാണു കോൺഗ്രസ്സിതര രാഷ്ട്രീയപാർട്ടികളെല്ലാം ഇന്ന് ഒരുക്കംകൂട്ടുന്നതു്. ഏതാനും ആഴ്ചകൾ മുമ്പ് കാശ്മീരിന്റെ തലസ്ഥാനമായ ശ്രീനഗറിൽ നടന്ന കോൺഗ്രസ്സിതര രാഷ്ട്രീയപാർട്ടികളുടെ സമ്മേളനം (കോൺക്ലേവ്) അത്തരത്തിലുള്ള ഒരു പരിശ്രമമായിരുന്നു. കോൺഗ്രസ്സിനെ പരാജയപ്പെടുത്തുകയെന്ന അധികാരരാഷ്ട്രീയപരമായ ലക്ഷ്യത്തിനു് ആദർശത്തിന്റേതായ ഒരു പരിവേഷം നൽകാൻ കേന്ദ്ര—സംസ്ഥാന ബന്ധങ്ങളെന്ന പ്രശ്നം ഈ സമ്മേളനത്തിൽ ചർച്ചാവിഷയമാക്കപ്പെട്ടു. രാജ്യരക്ഷ, വിദേശബന്ധങ്ങൾ, വാർത്താവിനിമയവും ഗതാഗതവും, കറൻസി മുതലായ ചില കാര്യങ്ങൾ മാത്രമേ കേന്ദ്രഗവണ്മെൻറ് കൈകാര്യം ചെയ്യേണ്ടു എന്നും, മററു കാര്യങ്ങളിലെല്ലാം പരമാധികാരം അതാതു സ്റ്റേററിലെ ഗവണ്മെൻറുകൾക്കായിരിക്കണമെന്നും വാദിക്കുന്നവർ മുതൽ, കേന്ദ്രഗവണ്മെൻറിനു പ്ലാനിങ്ങിലും മററും ഇന്നുള്ളതിലേറെ അധികാരങ്ങൾ ഉണ്ടായിരിക്കണമെന്നു വാദിക്കുന്നവർവരെ പങ്കെടുത്തിരുന്ന ഈ സമ്മേളനത്തിൽ അർത്ഥപൂർണമായ ചർച്ച നടന്നില്ലെങ്കിലോ, അതിൽനിന്നു മാർഗദർശകമായ നിർണയം ഉരുത്തിരിഞ്ഞുവന്നില്ലെങ്കിലോ അത്ഭുതപ്പെടാനില്ല. ശ്രീനഗർ സമ്മേളനത്തിന്റെ സന്ദേശം അത്യന്തം പ്രകടമായിരുന്നു. അടുത്ത പൊതുതെരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ അമ്പേ തോല്പിക്കുന്നതിനു് എല്ലാ എതിർ പാർട്ടികളും യോജിക്കണം.